(ബി) ഈ രംഗത്തെ സ്വകാര്യ സംരംഭകർക്ക് പ്രത്യേക പാക്കേജുകൾ നൽകാനുള്ള പദ്ധതി ആവിഷ്കരിക്കുമോ;

(സി) ഇ-കോമേഴ്സ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്തുവാൻ സന്നദ്ധരാകുന്നവർക്കുവേണ്ടി എന്തൊക്കെ സഹായ സഹകരണങ്ങൾ സംസ്ഥാന സർക്കാർ നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.റ്റി. അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി എല്ലാ ആധുനിക സജ്ജീകരണങ്ങളോടുംകൂടിയ ടെക്നോപാർക്ക് തിരുവനന്തപുരത്തു സ്ഥാപിച്ചു. ഐ.റ്റി. കമ്പനികളെ ആകർഷിക്കുന്നതിനുവേണ്ടി 1998 മേയിൽ ഐ.റ്റി. നയം പ്രഖ്യാപിച്ചു. 1999 ആഗസ്റ്റു മാസം സംസ്ഥാന വ്യവസായ നയം പ്രഖ്യാപിച്ചു. കെ.എസ്.ഐ.ഡി.സി., സിഡ്ബി, കെ.എഫ്.സി. എന്നീ സ്ഥാപനങ്ങളുടെ മുതൽമുടക്കോടെ 20 കോടി രൂപയുടെ വെഞ്ചർ ഫണ്ട് രൂപീകരിച്ചു. ടെക്നോപാർക്ക് കമ്പനികളുടെ സഹകരണത്തോടെ 'സ്കൂൾ ഫോർ ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്' ടെക്നോപാർക്കിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൊച്ചിയിൽ ഹൈടെക് പാർക്ക് സ്വകാര്യപങ്കാളിത്തത്തോടെ തുടങ്ങാൻ നടപടിയെടുത്തുവരുന്നു.

(ബി) സർക്കാരിന്റെ ഐ.റ്റി. നയത്തിൽ പറഞ്ഞിട്ടുള്ള പ്രത്യേക പാക്കേജുകൾ സ്വകാര്യ സംരംഭകർക്കും ബാധകമാണ്.

(സി) ഐ.റ്റി. വ്യവസായങ്ങളെ മലിനീകരണ നിയന്ത്രിണ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുക, വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിനു മുൻഗണന നൽകുക, ഏഴു വർഷത്തേക്ക് വിൽപന നികുതിയിൽനിന്നും ഒഴിവാക്കുക, ക്യാപ്റ്റീവ് ജനറേഷൻ സെറ്റുകൾ സ്ഥാപിക്കുന്നവർക്ക് വിദ്യുച്ഛക്തി ഡ്യൂട്ടി ഇളവ്, സബ്സിഡി എന്നിവ നൽകുക, പരമാവധി 25 ലക്ഷം രൂപ എന്നതിനു വിധേയമായി മൂലധന നിക്ഷേപത്തിന്റെ 20% സബ്സിഡി അനുവദിക്കുക എന്നിവ ഐ.റ്റി. നയത്തിൽ വിഭാവനചെയ്യുന്നു. കൂടാതെ ടെക്നോപാർക്ക്, സോഫ്റ്റ്വെയർ പാർക്കുകൾ എന്നിവയ്ക്ക് അവിടെ പ്രവർത്തിക്കുന്ന കമ്പനികൾക്കുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും. പൊതുമേഖലയിലോ സംയുക്ത മേഖലയിലോ ഉള്ള ഇത്തരം പാർക്കുകളുടെ മേധാവികൾക്ക് അവിടെ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കു വേണ്ട ക്ലിയറൻസുകൾ നൽകുന്നതിന് അധികാരമുണ്ടായിരിക്കും. സോഫ്റ്റ്വെയർ പാർക്കുകൾക്ക് ഭൂമി വാങ്ങുന്നതിനും മറ്റും സ്റ്റാമ്പ് ഡ്യൂട്ടി/രജിസ്ട്രേഷൻ ചാർജ് ഒഴിവാക്കിയിട്ടുണ്ട്.

8 (581) സോഫ്റ്റ്വെയർ കയറ്റുമതി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനത്തിന് വ്യവസായികളെ ആകർഷിക്കുന്നതിലേക്കായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇതിന്റെ ഫലമായി എത്ര വിദേശ കമ്പനികൾ ഇൻഫർമേഷൻ മേഖലയിൽ സംസ്ഥാനത്തു മുതൽമുടക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സോഫ്റ്റ്വെയർ കയറ്റുമതിയിലൂടെ സംസ്ഥാനത്തു നടപ്പു സാമ്പത്തിക വർഷം എത്ര വരുമാനം നേടാമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത മേഖലയിൽനിന്ന് എത്ര കോടി രൂപ സംസ്ഥാനത്തിനു ലഭിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു ടെക്നോപാർക്ക് തിരുവനന്തപുരത്തു സ്ഥാപിച്ചു. കെ.എസ്.ഐ.ഡി.സി., സിഡ്ബി, കെ.എഫ്.സി. എന്നീ സ്ഥാപനങ്ങളുടെ മുതൽമുടക്കോടെ 20 കോടി രൂപയുടെ വെഞ്ചർ ഫണ്ട് രൂപീകരിച്ചു. ടെക്നോപാർക്ക് കമ്പനികളുടെ സഹകരണത്തോടെ 'സ്കൂൾ ഫോർ ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് ടെക്നോപാർക്കിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിതമായ വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഏഴു സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ കൊച്ചി, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ പാർക്കുകൾ തുടങ്ങിക്കഴിഞ്ഞു. കൊല്ലം, കോട്ടയം, തിരുവല്ല പാർക്കുകളുടെ പണി പുരോഗമിക്കുന്നു. ഇതിന്റെ ഫലമായി ഇരുപത്തിയൊന്നോളം വിദേശ കമ്പനികൾ ഇതുവരെ സംസ്ഥാനത്ത് മുതൽമുടക്കിയിട്ടുണ്ട്. ഇതുകൂടാതെ സ്ഥിര നിക്ഷേപത്തിന്റെ 20%, പരമാവധി 25 ലക്ഷം രൂപ വരെയുള്ള മൂലധന നിക്ഷേപ സബ്സിഡി, ക്യാപ്റ്റീവ് ജനറേറ്റർ സെറ്റിന് നിക്ഷേപത്തിന്റെ 50%, പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സബ്സിഡി നൽകുന്നു. നിലവിലുള്ള വ്യവസായങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും, വികസനത്തിനും, ആധുനികവൽക്കരണത്തിനും അതിനുവേണ്ട സ്ഥിര നിക്ഷേപത്തിന്റെ 20% അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ നിക്ഷേപ സബ്സിഡി നൽകുന്നു. ഇതിനുംപുറമെ വിവര സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഒരു സ്കയർ മീറ്ററിന് 5000 രൂപ എന്ന തോതിൽ കണക്കാക്കി അതിനർഹമായ സബ്സിഡി നൽകുന്നു.

(ബി) നടപ്പു സാമ്പത്തിക വർഷം സോഫ്റ്റ്വെയർ ടെക്നോളജി പാർക്സ് ഓഫ് ഇൻഡ്യയുടെ കീഴിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയർ കമ്പനികളിൽ നിന്ന് ഏകദേശം 75 കോടി രൂപയ്ക്കു മുകളിൽ വിദേശ നാണ്യം നേടാമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത മേഖലയിൽനിന്ന് 46.81 കോടി രൂപയുടെ കയറ്റുമതി എസ്.ടി.പി. യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1998-99ൽ 57 കോടിരൂപയുടെ സോഫ്റ്റ്വെയർ കയറ്റുമതിയാണ് ടെക്നോപാർക്കിൽ നടന്നത്. നടപ്പുവർഷം (1999-2000) ഇത് 100 കോടിയോളം ആകുമെന്ന് പ്രതീക്ഷിക്കുന്നു.

9 (583) പരമ്പരാഗത വ്യവസായങ്ങൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :

LIBRARY ARCHIVES Kerala Legislative Assembly